**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6501** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ സർവ്വേ നമ്പരിൽ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ദശാബ്ദങ്ങളായി കരം അടച്ച് വരുന്ന ഭൂമിയുടെ സർവ്വേ നമ്പരിൽ മാറ്റം വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റീസർവ്വെ പൂർത്തീയാക്കുന്നതിന് മുൻപ് മുൻ സർവ്വെ പ്രകാരമാണ് കരം ഒടുക്കി വരുന്നത്. ഒരു വില്ലേജിൽ റീസർവ്വെ റിക്കാർഡുകൾ നിലവിൽ വരുമ്പോൾ പുതിയ റീസർവ്വെ നമ്പർ, സബ് ഡിവിഷൻ നമ്പർ എന്നിവ ഉണ്ടാകുന്നതാണ്. ശരിയായ സർവ്വെ നമ്പർ പ്രകാരമല്ലാതെ ആധാരം രജിസ്റ്റർ ചെയ്യുന്നതുമൂലം ദശാബ്ദങ്ങളായി കരം അടച്ചുവരുന്ന ഭൂമിയുടെ സർവ്വെ നമ്പരിൽ മാറ്റം വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ സർവ്വേ നമ്പരിൽ മാറ്റം വരുത്തുന്നതോ വരുന്നതോ ആയ സാഹചര്യത്തിൽ ഭൂഉടമകൾക്ക് തുടർന്നും കരം ഒടുക്കാൻ സാധിക്കാതെ വരുന്നതും ഭൂമിയുടെ അവകാശി മരണപ്പെടുന്ന ഘട്ടത്തിൽ പ്രസ്തുത ഭൂമി അനന്തരാവകാശികൾക്ക് പുനർരജിസ്ട്രേഷൻ നടത്താൻ സാധിക്കാതെ വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പറവൂർ താലൂക്ക് ഏഴിക്കര വില്ലേജിലെ 56-ാം നമ്പർ തണ്ടപ്പേരിൽ നിന്ന് പിരിഞ്ഞിട്ടുള്ള 4461-ാം നമ്പർ തണ്ടപ്പേരുകക്ഷിയുടെ 66/15എ സർവ്വേ നമ്പരിൽ ഉൾപ്പെട്ട സ്ഥലത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ആയതിൽ യഥാർത്ഥ സർവ്വേ നമ്പരും തണ്ടപ്പേരും ഉൾപ്പെടുത്തി സ്ഥലമുടമകൾക്ക് വസ്തു കൈകാര്യം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | ഈ വിഷയവുമായി ബന്ധപ്പെട്ട് വില്ലേജ് രേഖകൾ പരിശോധിച്ചതിൽ പറവൂർ അഡീഷണൽ തഹസിൽദാരുടെ 25/11/2013 ലെ കെ.ഡിസ്/18052/13/എച്ച്4 നമ്പർ നടപടിക്രമം പ്രകാരം 4461-ാം നമ്പർ തണ്ടപ്പേർ റദ്ദ് ചെയ്തിട്ടുണ്ട്. ഈ നടപടിക്രമം പരിശോധിച്ചതിൽ ശ്രീമതി. രാധാമണി പറവൂർ സബ് രജിസ്ട്രാർ ഓഫീസിലെ 2447/1982 നമ്പർ ആധാര പ്രകാരം സിദ്ധിച്ച ഏഴിക്കര വില്ലേജിലെ 66/15എ യിൽപ്പെട്ട 05.26 ആർ വസ്തു പോക്കുവരവ് ചെയ്യുന്നതിന് ലഭിച്ച അപേക്ഷയിന്മേൽ നടത്തിയ പരിശോധനയിൽ ഈ വസ്തു പോക്കുവരവ് ചെയ്യുന്നതിന് മാതൃ തണ്ടപ്പേരായ 56 നമ്പർ തണ്ടപ്പേരിൽ മതിയായ വസ്തു ഇല്ലായെന്നും ടി സർവ്വെ നമ്പരിൽപ്പെട്ട ഭൂമി തെറ്റായി 4461 നമ്പർ തണ്ടപ്പേർ കക്ഷിയായ ശ്രീമതി. ആനന്ദത്തിന്റെ പേരിൽ പോക്കുവരവ് |

| | | | |
|---|---|---|---|
| | | | നടത്തിയതായി കണ്ടെത്തുകയും അപേക്ഷ കക്ഷിയായ ശ്രീമതി. രാധാമണി അമ്മയുടെയും 4461 നമ്പർ തണ്ടപ്പേർ കക്ഷിയുടെ വസ്തുവിന്റെയും മുൻപ്രമാണങ്ങൾ 2321/1124 ആയതിനാൽ സർവ്വെ നമ്പർ പിശക് പരിഹരിക്കുന്നതിന് 4461 നമ്പർ തണ്ടപ്പേർ റദ്ദ് ചെയ്ത് 56 നമ്പർ തണ്ടപ്പേരിൽ കൊണ്ടുവരികയുണ്ടായി. കൂടാതെ തഹസിൽദാരുടെ ടി ഉത്തരവിൽ 4461 തണ്ടപ്പേർ കക്ഷിയ്ക്ക് യഥാർത്ഥ സർവ്വെ നമ്പരിൽ പ്രമാണം തയ്യാറാക്കുന്നതിലേയ്ക്ക് സാക്ഷ്യപത്രം നൽകുന്നതിനും, 4461 തണ്ടപ്പേർ കക്ഷി ശരിയായ സർവ്വേ നമ്പരിൽ പ്രമാണം ചമയ്ക്കുന്ന മുറയ്ക്ക് 56 നമ്പർ തണ്ടപ്പേരിൽ നിന്നോ പോക്കുവരവ് അനുവദിക്കുവാനും വില്ലേജ് ഓഫീസർക്ക് അഡീഷണൽ തഹസിൽദാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 4461 നമ്പർ തണ്ടപ്പേർ കക്ഷിയ്ക്ക് നോട്ടീസ് നൽകുകയും ടിയാളുടെ മകൾ മായാദേവി അഡീഷണൽ തഹസിൽദാർ മുമ്പാകെ ഹാജരാകുകയും, ശരിയായ കൈവശ സർവ്വെ നമ്പരിൽ പോക്കുവരവ് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളത് 4461 തണ്ടപ്പേർ കക്ഷി ശ്രീമതി. ആനന്ദം പോക്കുവരവ് നടത്തുന്നതിന് തിരുത്താധാരം സമർപ്പിച്ചിട്ടില്ലാത്തതും 56 നമ്പർ തണ്ടപ്പേർ കക്ഷി മരണപ്പെട്ടിട്ടുള്ളതുമാണ്. |
| (ഡി) | ഇത്തരത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്ന വീഴ്ചകൾ ജനങ്ങളെ ബുദ്ധിമുട്ടിലാക്കാതിരിക്കാനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുമോ; | (ഡി) | ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായിട്ടില്ല. |
| (ഇ) | മേൽപ്പറഞ്ഞ ഭൂമിയുടെ കരം ഒടുക്കുന്നതിന് ആവശ്യമായ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | 4461 നമ്പർ തണ്ടപ്പേർ കക്ഷിയ്ക്ക് ഈ വിഷയത്തിൽ 2013 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തെറ്റ് തിരുത്തൽ ആധാരം ഹാജരാക്കുന്ന മുറയ്ക്ക് കരം ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ